# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 79 – 28/01/2019-ലെ മറുപടിക്ക്

### പ്രളയാനന്തര പുനർനിർമ്മാണത്തിനായി കേന്ദ്ര സർക്കാർ സഹായം

**ചോദ്യം** | **ഉത്തരം**

ശ്രീ. പി. കെ. ശശി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | പ്രളയാനന്തര പുനർനിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം സഹായങ്ങളാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | പ്രളയാനന്തര പുനർനിർമ്മാണത്തിനായി ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ പുനരധിവാസ സഹായം ആവശ്യപ്പെട്ടിരുന്നു. ഇതു കൂടാതെ പ്രത്യേക ധനസഹായമായി 5000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. പ്രളയാനന്തര പുനർ നിർമ്മാണത്തിനായും നവകേരള സൃഷ്ടിയ്ക്കായും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി -യുടെ 3 ശതമാന ത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്നും സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നു. കൂടാതെ നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദി ക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. വിവിധ വകുപ്പുകൾ മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം 10% വർദ്ധിപ്പിക്കണമെന്ന ആവശ്യവും സംസ്ഥാനം മുന്നോട്ട് വച്ചിരുന്നു. |
| ബി) | കേന്ദ്ര സർക്കാരിൽ നിന്ന് കേരളം എന്തെല്ലാം സഹായങ്ങളാണ് ആവശ്യപ്പെട്ടത്; വിശദവിവരം ലഭ്യമാക്കാമോ? | |

| | | |
|---|---|---|
| | | ദേശീയ ദുരന്ത പ്രതികരണനിധിയിൽ നിന്ന് സംസ്ഥാനത്തിന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിനുമേൽ കേന്ദ്രത്തിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. ജി.എസ്.ടി -യ്ക്കു മേൽ സെസ് ഏർപ്പെടുത്തണമെന്ന ആവശ്യം ജി.എസ്.ടി കൗൺസിൽ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ ലോകബാങ്കിന്റെ പ്രൊപ്പോസൽ പ്രകാരം പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പ് നോ ഒബ്ജക്ഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ